കേരള സർക്കാർ

സംഗ്രഹം

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് - വകുപ്പുതല പരിശീലനത്തിൽ പങ്കെടുക്കുന്ന ഓഡിറ്റർമാരുടെ ദിനബത്ത - KSR Part II Rule 59 - ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ധനകാര്യ ( എസ്റ്റാബ്ളിഷ്മെന്റ് - ഡി ) വകുപ്പ്

സ.ഉ (സാധാ) നം: 5427 /12/ധന                    തീയതി, തിരുവനന്തപുരം, 26.5.2012

പരാമർശം:- 1. ജി.ഒ (പി) നമ്പർ 197/2010/ധന തീയതി 25.3.2010.
2. ലോക്കൽ ഫണ്ട് ഡയറക്ടറുടെ 19.11.2011ലെ എൽ.എഫ്19630/ആർ1/2011 നമ്പർ കത്ത്.

### ഉത്തരവ്

പരാമർശം (1) പ്രകാരമുള്ള കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് സർവ്വീസ് റൂൾസ് ചട്ടം 10 പ്രകാരം ഗ്രേഡ് 2 ഓഡിറ്ററായി നിയമിക്കുന്നവർക്കുള്ള വകുപ്പുതല പരിശീലനത്തിന്റെ കാലദൈർഘ്യം 3 മാസമെന്നുള്ളത് 4 മാസമായി ദീർഘിപ്പിച്ചിട്ടുണ്ട്. KSR Part II Rule 59 പ്രകാരം പുതുതായി സർവ്വീസിൽ പ്രവേശിക്കുന്നവരുടെ പരിശീലന പരിപാടിക്ക് 3 മാസത്തേക്ക് മാത്രമേ ദിനബത്ത നിരക്ക് ലഭ്യമാ വുകയുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ 4 മാസ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്ന ഓഡിറ്റർമാർക്ക് 4 മാസത്തേക്ക് ദിനബത്ത ലഭിക്കുന്നതിനും KSR Part II Rule 59 ഇളവ് അനുവദിക്കണമെന്ന് സൂചന (2) പ്രകാരം ലോക്കൽ ഫണ്ട് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് സർവ്വീസ് റൂൾസ് ചട്ടം 10 പ്രകാരം പരിശീലനം 4 മാസമായി ദീർഘിപ്പിച്ച സാഹചര്യത്തിൽ 4 മാസ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്ന ഓഡിറ്റർമാർക്ക് മേൽ പരിശീലന കാലത്ത് താഴെ പറയും പ്രകാരം ദിനബത്ത അനുവദിക്കുന്നതിനായി KSR Part II Rule 59-ൽ ഇളവ് വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആദ്യ 30 ദിവസം - 1 DA
തുടർന്നുള്ള 60 ദിവസം - ¾ DA
ശേഷം 30 ദിവസം - ½ DA

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
റ്റി. ഗംഗാധരൻ നമ്പ്യാർ,
**അഡീഷണൽ സെക്രട്ടറി (ധനകാര്യം).**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി / സർവ്വീസ് ബുക്ക്.

ഉത്തരവിൻ പ്രകാരം,

Revadevi

സെക്ഷൻ ഓഫീസർ.